## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*285** | **13.03.2018 ൽ മറുപടിയ്ക്ക്**

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.കാരാട്ട് റസാഖ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നാല് ലക്ഷം വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി, പച്ചക്കറികൾക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി പരിമിതപ്പെടുത്തുവാൻ വേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ; | എ) പച്ചക്കറി കൃഷി ഒരു ജനകീയ സംരംഭമാക്കുവാനും കൃഷി ഒരു സംസ്കാരത്തിന്റെ ഭാഗമാക്കാനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവർത്തികൾക്ക് സാധിച്ചിട്ടുണ്ട്. സർക്കാർ അധികാരത്തിലെത്തിയശേഷം വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിയിലെ പ്രധാന ഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം എന്നിവ വിജയകരമായി നടപ്പിലാക്കിയതിലൂടെ വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>പച്ചക്കറികൾക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി പരിമിതപ്പെടുത്താനും, ജൈവകൃഷി വ്യാപനത്തിനും ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽത്തന്നെ ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിയിട്ടുണ്ട്. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ |

വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങുന്ന 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. യൂണിറ്റൊന്നിന് 2500 രൂപ വീതം 2600 യൂണിറ്റിന് 65 ലക്ഷം രൂപ വകയിരുത്തി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. 2250 ചെറുകിട തുള്ളിനന/ തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകുന്നു. കൂടാതെ റസിഡൻഷ്യൽ അസോസി യേഷനുകൾ കേന്ദ്രീകരിച്ച് 50 ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ (ഒന്നിന് 50000/- രൂപ നിരക്കിൽ) ധനസഹായം നൽകുന്നു. പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിലൂടെ പച്ചക്കറികൾക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിന്റെ തോത് പരിമിതപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിയിലൂടെ വെണ്ട ചീര, മുളക്, വഴുതന, പയർ തുടങ്ങിയ അഞ്ചിനം പച്ചക്കറികളുടെ വിത്തു പായ്ക്കറ്റുകൾ ലഭ്യമാക്കി. വീട്ടു വളപ്പിലെ കൃഷിക്കായി 40 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും, മാധ്യമങ്ങൾ വഴി 12 ലക്ഷം കിറ്റുകളും, NGO മുഖേന 5 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും ലഭ്യമാക്കി. സെക്രട്ടേറിയേറ്റിന് മുമ്പിൽ 500 ഗ്രോബാഗുകൾ പച്ചക്കറി തൈ നട്ടു സ്ഥാപിക്കുകയുണ്ടായി. ഇതു കൂടാതെ തൃശ്ശൂരിൽ നടന്ന വൈഗ ശിൽപശാല, സംസ്ഥാന സ്കൂൾ യുവജനോത്സവം എന്നിവിടങ്ങളിൽ തൈ വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്തുടനീളം സർക്കാർ മേഖലയുമായി ബന്ധപ്പെട്ട് വിവിധ മേളകളിൽ പങ്കെടുക്കുകയും

| | | | |
|---|---|---|---|
| | | | പച്ചക്കറി വിത്തുകൾ/ നടീൽ വസ്തുക്കൾ, ജൈവവളങ്ങൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവയും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.<br>സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) | ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നൽകുവാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കുമോ; ഇതിനായി ഹൈടെക് പച്ചക്കറി ഉല്പാദന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ; | ബി) | 1. വിവിധ പച്ചക്കറി ഇനങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് നഴ്സറി സ്ഥാപിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 200 ലക്ഷം രൂപ 2017-18 വർഷം വകയിരുത്തി നടപ്പിലാക്കി വരുന്നു.<br>(എ) കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് മേഖലകളിൽ നഴ്സറി സ്ഥാപിക്കുന്നതിന് സ്ക്വയർ മീറ്ററിന് 1000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 5714 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ നാളിതുവരെ നഴ്സറി സ്ഥാപിച്ചിട്ടുണ്ട്.<br>(ബി) ബ്ലോക്കുകളിൽ പുതിയ നഴ്സറികൾ സ്ഥാപിക്കുന്നതിന് 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു നഴ്സറിയ്ക്ക് 7 ലക്ഷം രൂപ എന്ന നിരക്കിൽ ധനസഹായം നൽകി. 10 നഴ്സറികൾ വിവിധ ബ്ലോക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്.<br>(സി) നിലവിലുള്ള നഴ്സറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 80 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നഴ്സറി ഒന്നിന് 2 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. 20 നഴ്സറികൾക്ക് ഈ ഘടകത്തിൽ സഹായം നൽകിയിട്ടുണ്ട്.<br>2013-14 മുതൽ 2016-17 വരെ പച്ചക്കറി വികസന പദ്ധതിയനുസരിച്ച് സ്ഥാപിച്ച 57 നഴ്സറികൾ നിലവിലുണ്ട്. ആയവ വഴി ഉദ്ദേശം 116 ലക്ഷം ഗുണമേന്മയുള്ള തൈകൾ നാളിതുവരെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br>2. ഇതു കൂടാതെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ യുടെ കീഴിൽ ആലത്തൂർ വിത്തു സംസ്കരണശാല, നടുക്കര ഹൈടെക് പ്ലഗ് നേഴ്സറി, തിരുവനന്തപുരം, കാസർഗോഡ്, എറണാകുളം എന്നിവിടങ്ങളിലെ കൃഷി |

ബിസിനസ്സ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ആലത്തൂർ വിത്ത് സംസ്കരണ ശാലയിൽ നിന്നും അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ രജിസ്റ്റേർഡ് വിത്തുൽപാദന കർഷകർ വഴി ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. നടുക്കരയിലെ ഹൈടെക് പച്ചക്കറി ഉൽപാദന കേന്ദ്രത്തിൽ നിന്നും പ്രതിവർഷം 2 കോടി പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കാവുന്നതാണ്. പൂർണ്ണമായും യന്ത്രവൽകൃതമായ യൂണിറ്റാണിത്. കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ഇവയുടേയും മറ്റു ഫലവൃക്ഷങ്ങളുടേയും, നടീൽ വസ്തുക്കളുടേയും വിതരണവും നടത്തുന്നു.

സി) ജൈവകൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനും ജൈവകാർഷിക ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

സി) ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി 10/02/2010- ലെ സംസ്ഥാന സർക്കാർ ഉത്തരവ് നം. 39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കി വരുന്നു.

ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ജൈവ കാർഷിക ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ ഇതിനായി സമഗ്ര ജൈവ കൃഷി പദ്ധതി "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പേരിൽ സംസ്ഥാനത്തുട നീളം നടപ്പാക്കി വരുന്നു.

**I സമഗ്ര ജൈവകൃഷി പദ്ധതി 2016-17**

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ - സംസ്ഥാനത്തെ 14 ജില്ലകളിലും ജൈവകൃഷി ക്ലസ്റ്ററുകൾ രൂപീകരിച്ചു. ഇത്തരം ക്ലസ്റ്ററുകളിലെ ഉല്പന്നങ്ങൾക്ക് ജിഎപി സർട്ടിഫിക്കേഷൻ നൽകി 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിപണനം നടത്തി.

2. ജൈവവള നിർമ്മാണ യൂണിറ്റ് - ഈ പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ധനസഹായം നൽകി. ഇപ്രകാരം 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു.

3. ഇക്കോഷോപ്പുകൾ - ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് 15 ഇക്കോഷോപ്പുകൾ

സ്ഥാപിച്ചു. ജൈവ ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ജി.എ.പി ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി എ പി സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോക്ക് 5 രൂപ നിരക്കിൽ 11.64 ലക്ഷം രൂപ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി.

4. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം -ഉത്തമ പരിചരണ മുറ ക്ലസ്റ്ററുകളിൽ നിന്നും സംഭരിച്ച പഴം- പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റെസിഡൻറ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട 18 ക്ലസ്റ്ററുകൾക്കായി 54 ലക്ഷം രൂപ ചെലവഴിച്ചു.

5. ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ , രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുൻസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ , രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ , രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി ഇതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

II സമഗ്ര ജൈവകൃഷി 2017-18

നടപ്പ സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ - 155 ജി. എ. പി ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. ഇതിനായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഓരോ ക്ലസ്റ്ററും 15 മുതൽ 25 ഹെക്ടർ വരെയാണ്

ഉൾക്കൊള്ളുന്നത്. 141 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

2. ഇക്കോഷോപ്പുകൾ - ജി.എ.പി വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം ജി.എ.പി വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസ്സോസ്സിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് 17 തിരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 3 ലക്ഷം രൂപ നിരക്കിൽ 50 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

4. മറ്റു പ്രവർത്തന ചെലവുകൾ - പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വരുന്ന മറ്റ് ചെലവുകൾക്കായാണ് 20 ലക്ഷം രൂപ ചിലവഴിക്കുന്നത്. പദ്ധതി സംബന്ധിച്ച ഡോക്യുമെന്റേഷൻ, ഫീൽഡ് വിസിറ്റ്, ട്രാൻസ്പോർട്ടേഷൻ എന്നിവയാണ് മറ്റു ചെലവുകൾ

5. ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ , രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുൻസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ , രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ , രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ) എന്നി തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി ഇതിനായി 123 ലക്ഷം രൂപ ചെലവഴിക്കുന്നു.

6. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ-കാസർഗോഡ് ജില്ലയെ

സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. പദ്ധതി നിർവ്വഹണം വി.എഫ്.പി.സി.കെ യാണ് നിർവ്വഹിക്കുന്നത്.

7. കുട്ടനാട് ജി.എ.പി പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 64 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 42000 ഹെക്ടർ നെൽപ്പാടശേഖരത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

വി.എഫ്.പി.സി.കെ യുടെ കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കിവരുന്നു.

കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപ 2016-17 വർഷം ലഭ്യമാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ജൈവ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രൊഡക്ഷൻ സബ്സിഡിയായി കിലോയ്ക്ക് 5 രൂപ നിരക്കിൽ 600 ടൺ ഉല്പന്നങ്ങൾക്ക് 30 ലക്ഷം രൂപയും, സർട്ടിഫിക്കേഷനും മറ്റു പദ്ധതി നിർവഹണത്തിനുമായി 30 ലക്ഷം രൂപയും, PGS Organic Certification and crop production in Kasargod എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കിവരുന്നു.

കാക്കനാട് കൗൺസിൽ ആസ്ഥാനത്ത് ഒരു ജൈവ വള ഉല്പാദനയൂണിറ്റ് ആരംഭിച്ചിട്ടുണ്ട് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉല്പാദനോപാധികളുടെ ഒരു നിര ഉല്പന്നങ്ങൾ യൂണിറ്റിൽ നിന്നും വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട് കാർഷിക സർവ്വകലാശാല നിഷ്ക്കർഷിക്കുന്ന അളവിൽ പ്രധാന മൂലകങ്ങൾ അടങ്ങിയ ജൈവ വളങ്ങളും ഉല്പന്നങ്ങളുമാണ് വില്പനയ്ക്ക് തയ്യാറാക്കുന്നത്. ചാണകപ്പൊടി, വെർമി കമ്പോസ്റ്റ് എന്നിവ കൗൺസിലിന്റെ കർഷകരെക്കൊണ്ട് ഉല്പാദിപ്പിച്ചും വിതരണം ചെയ്യുന്നുണ്ട്

കൗൺസിലിന്റെ കൃഷി ബിസിനസ്സ് കേന്ദ്രകൾ, KAICO അഗ്രി സൂപ്പർ ബസാറുകൾ, കൃഷി വകുപ്പിന്റെ വിവിധ സർക്കാർ പദ്ധതികൾ എന്നിവ വഴി ജൈവവളങ്ങൾ ലഭ്യമാക്കിവരുന്നു. ഇത് കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത നഗരി പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ പോട്ടിങ് മിശ്രിതം നിറച്ച ഗ്രോബാഗുകളും തൈകളും ലഭ്യമാക്കി വരുന്നു. കൗൺസിൽ ഉദ്യോഗസ്ഥർ സാങ്കേതിക ഉപദേശങ്ങളും നല്കി വരുന്നു.

**സെക്ഷൻ ഓഫീസർ**